<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 523 12.06.2012 ൽ മറുപടിയ്ക്ക്

## <u>വയർകട്ട് ബ്രിക്സ്</u>

<u>ചോദ്യം</u>
ശ്രീ.ജി.എസ്.ജയലാൽ

<u>ഉത്തരം</u>
ശ്രീ.സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയർകട്ട്ബ്രിക്സ് സ്ഥാപനം ആരംഭിക്കുന്നതിലേക്ക് അനുവാദം ലഭിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വാങ്ങേണ്ടതായ രേഖകൾ എന്തെല്ലാമാണെന്നും ആയതിന്റെ നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ? | (എ) | വയർകട്ട് ബ്രിക്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനു മുൻപായി സ്ഥാപനാനുമതിയും പ്രവർത്തിക്കുന്നതിനു മുൻപായി പ്രവർത്തനാനുമതിയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നേടിയിരിക്കണം. അനുമതി പത്രത്തിനായി നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ യോടൊപ്പം നിശ്ചിതഫീസും ഒടുക്കണം. സ്ഥലപരിശോധന നടത്തി അനുയോജ്യത ഉറപ്പാക്കി അനുമതി അപേക്ഷയിന്മേൽ തീർപ്പ് കൽപിക്കുന്നതാണ്. |
| (ബി) | മുൻപുണ്ടായിരുന്ന നിബന്ധനകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ: വിശദാംശം വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. (30.12.2010 മുതൽ) പുതിയവ സ്ഥാപിക്കുന്നതിനു പാലിക്കേണ്ട ദൂരപരിധി<br>• സ്ഥിരമായി ഉറപ്പിച്ച തരത്തിലുള്ള (fixed type) ഇഷ്ടിക ചൂളകൾ<br>➢ കുറഞ്ഞത് 50 സെന്റ് സ്ഥലം ഉണ്ടായിരിക്കണം<br>➢ അടുത്തുള്ള വീടുകൾ/സ്ഥാപനങ്ങൾ/ആരാധനാലയങ്ങൾ/പൊതു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചൂളയുടെ പുകക്കുഴൽ(ചിമ്മിനി) കുറഞ്ഞത് 150 മീറ്റർ അകലത്തിലായിരിക്കണം.<br>➢ രണ്ട് ഇഷ്ടിക ചൂളകൾ(വ്യാവസായിക യൂണിറ്റുകൾ) തമ്മിൽ കുറഞ്ഞത് 500 മീറ്റർ അകലം ഉണ്ടായിരിക്കണം.<br>➢ സ്ഥലത്തിന്റെ അതിർത്തിയും ചിമ്മിനിയുടെ സ്ഥാനവും തമ്മിൽ കുറഞ്ഞത് 25 മീറ്റർ അകലം ഉണ്ടായിരിക്കണം.<br>➢ ചിമ്മിനിയിൽ നിന്നും അടുത്തുള്ള നദിയിലേക്കോ കുളത്തിലേക്കോ പൊതുറോഡിലേക്കോ കുറഞ്ഞത് 50 മീറ്റർ ദൂരം വേണം.<br>• നിലവിലുള്ളതും പുതുതായി സ്ഥാപിക്കുന്നതുമായ സ്ഥിരമായ (fixed type) |

ഇഷ്ടികചൂളകൾ പാലിക്കേണ്ട മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ

- ഇഷ്ടിക ചൂളയുടെ രണ്ടു വശങ്ങളും ചൂളയുടെ മുകൾഭാഗം വരെ ഇഷ്ടിക കൊണ്ട് നിർമ്മിക്കേണ്ടതും തുറന്ന വശങ്ങൾ (ഇഷ്ടിക നിറയ്ക്കുന്നതിനും ഇറക്കുന്നതിനുമായി ഉപയോഗിക്കുന്ന വശങ്ങൾ) ചൂള കത്തിക്കുന്ന സമയത്ത് പുക പുറത്തേക്ക് വ്യാപിക്കാതിരിക്കുന്നതിനായി കളിമണ്ണ് കൊണ്ട് സീൽ ചെയ്യേണ്ടതുമാണ്.
- ചൂള അടങ്ങുന്ന കെട്ടിടത്തിന്റെ മേൽക്കൂര അനുയോജ്യമായ വസ്തുക്കളാലുള്ളതും ചിമ്മിനിയിൽ നിന്നും വശങ്ങളിലേക്ക് ചരിവോട് കൂടിയതുമായിരിക്കണം.
- ചിമ്മിനിയുടെ ഉയരം തറനിരപ്പിൽ നിന്നും കുറഞ്ഞത് 18 മീറ്റർ ഉണ്ടാവണം. ചൂളയും സമീപമുള്ള വീടുകൾ/വ്യവസായശാലകൾ ഒഴിച്ചുള്ള മറ്റു സ്ഥാപനങ്ങൾ/പൊതുറോഡുകൾ എന്നിവയുമായി തറനിരപ്പിൽ വ്യത്യാസമുള്ള പക്ഷം ചിമ്മിനിയുടെ കുറഞ്ഞ ഉയരം സമീപത്തുള്ള ഉയർന്ന തറയുടെയോ/മേൽക്കൂരയുടെയോ നിരപ്പിൽ നിന്നും 3 മീറ്ററോ അല്ലെങ്കിൽ തറനിരപ്പിൽ നിന്നും 18 മീറ്ററോ ഇവയിലേതാണോ കൂടുതൽ അതായിരിക്കണം.
- ചൂളയിൽ നിന്നുള്ള ഫ്യൂജിറ്റീവ് എമിഷൻ (ഒരു ഭാഗത്തു നിന്നല്ലാതെ പരക്കെയുള്ള പുകയുടെ വ്യാപനം) കുറയ്ക്കുവാനായും ചിമ്മിനിയിൽ നിന്നു പുറന്തള്ളുന്ന പുക കഴിവതും ഉയരത്തിലെത്തിക്കുവാനും ഇൻഡ്യൂസ്ഡ് ഡ്രാഫ്റ്റ് സിസ്റ്റം ഉണ്ടായിരിക്കണം. ഇത്തരത്തിൽ ഡ്രാഫ്റ്റ് സിസ്റ്റം കൊടുക്കുമ്പോൾ അധികമായുള്ള പ്ലും ഹൈറ്റ് തറനിരപ്പിലെ പൊടിയുടെയും പുകയുടെയും അളവ് കുറയ് ക്കുവാൻ സഹായകരമാകും. ഇത് ഗാർഹിക മേഖലയിൽ നിലവിലുള്ള യൂണിറ്റുകൾക്കു ബാധകമായിരിക്കും.
- 200 മീറ്ററിനുള്ളിൽ നിലവിലുള്ള ചൂളകളെ ഒരു ക്ലസ്റ്ററായി കണക്കാക്കും. ഒരു ക്ലസ്റ്ററിലെ ഒരു ചൂളയേ ഒരു സമയം പ്രവർത്തിപ്പിക്കുവാൻ/ തീയിടാൻ പാടുള്ളൂ.

| | | | |
|---|---|---|---|
| | | | • വായുവിലെ മാലിന്യ ഘടകങ്ങളുടെ അനുവദനീയ പരിധി<br>➢ ഇഷ്ടിക ചൂളയുടെ പുകക്കുഴലിൽ നിന്നും 40 മീറ്റർ അകലെ പൊടിപടലത്തിന്റെ അളവ് ഒരു ഘനമീറ്റർ വായുവിൽ 600 മൈക്രോ ഗ്രാമിൽ (600μg/m³) കൂടുതൽ ആകാൻ പാടില്ല.<br>➢ ചൂളയുടെ ചിമ്മിനിയിൽ നിന്നും 40 മീറ്റർ അകലത്തിൽ അന്തരീക്ഷ വായുവിലെ സൾഫർ ഡൈ ഓക്സൈഡ് ($SO_2$), നൈട്രജൻ ഡൈ ഓക്സൈഡ് ($NO_2$), കാർബൺമോണോക്സൈഡ് (CO), എന്നിവയുടെ അളവ് ചൂളയുടെ അതിരിനോട് ചേർന്ന് സ്ഥലത്തെ അനുവദനീയ പരിധി കവിയരുത്. |
| (സി) | പുതുക്കിയ നിബന്ധനകൾ പാലിക്കാത്തതിനാൽ 20 വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച സ്ഥാപനത്തിന് പോലും ഇപ്പോൾ ബോർഡ് അനുമതി നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പുതുക്കിയ നിബന്ധനകൾ പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ബാധകമാക്കി മുൻപ് പ്രവർത്തിച്ചു വന്ന സ്ഥാപനങ്ങൾക്ക് ഇളവ് നൽകുവാൻ സന്നദ്ധമാണോ? | (ഡി) | പുതുക്കിയ നിബന്ധനകൾ പ്രകാരമുള്ള ദൂരപരിധി ബാധകമാക്കില്ല. എന്നാൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പുതുക്കിയ നിബന്ധനകൾ പ്രകാരം തന്നെ ഏർപ്പെടുത്തേണ്ടതാണ്. |
| (ഇ) | കൊല്ലം ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് അനുവാദം നൽകാത്തതിനാൽ 20 വർഷം മുൻപ് മുതൽ പ്രവർത്തിച്ചു വന്ന നൂറ് കണക്കിന് സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ ലൈസൻസ് നൽകുന്നില്ലായെന്നത് ഗൗരവമായി കാണുമോ; എങ്കിൽ പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഗൗരവമായി കാണുന്നു. മലിനീകരണ നിയന്ത്രണ സംവിധാന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. എന്നാൽ പുതുക്കിയ നിബന്ധനകൾ പ്രകാരമുള്ള ദൂരപരിധി ബാധകമാക്കില്ല. |

സെക്ഷൻ ഓഫീസർ